മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2020 സെപ്റ്റംബർ 9

# വാർത്താക്കുറിപ്പ്

## വൈദ്യുത കാന്തിക തരംഗങ്ങളെ തടയാൻ പോളിമർ സംയുക്ത പദാർഥം വികസിപ്പിച്ച് എം.ജി.; കേന്ദ്ര സർക്കാരിന്റെ പേറ്റന്റ്

**- മൊബൈൽ-ഇലക്‌ട്രോണിക് വ്യവസായത്തിൽ വലിയ മാറ്റത്തിന് വഴിതെളിക്കും**

മൊബൈൽ ഫോണടക്കം ഇലക്‌ട്രോണിക് ഉൽപ്പന്നങ്ങൾ പുറപ്പെടുവിക്കുന്ന വൈദ്യുത കാന്തിക (ഇലക്‌ട്രോ മാഗ്നറ്റിക്) തരംഗങ്ങളെ തടയാൻ മഹാത്മാഗാന്ധി സർവകലാശാല ഇന്റർനാഷണൽ ആന്റ് ഇന്റർയൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്‌നോളജി വികസിപ്പിച്ച പോളിമർ സംയുക്തങ്ങളെ അടിസ്ഥാനമാക്കിയുള്ള പദാർഥത്തിന് കേന്ദ്രസർക്കാരിന്റെ പേറ്റന്റ്. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, ഡയറക്ടർ പ്രൊഫ. നന്ദകുമാർ കളരിക്കൽ, ഡോ. മുഹമ്മദ് ആരിഫ് എന്നിവർ നടത്തിയ സംയുക്ത ഗവേഷണത്തിന്റെ ഫലമായി വികസിപ്പിച്ചെടുത്ത പോളിമർ സംയുക്ത പദാർഥത്തിനാണ് പേറ്റന്റ് ലഭിച്ചത്.

കട്ടികുറഞ്ഞതും ഭാരം കുറഞ്ഞതുമായ പദാർഥത്തിന്റെ കണ്ടുപിടുത്തം മൊബൈൽ ഫോൺ വ്യവസായത്തിലും ഇലക്‌ട്രോണിക് അനുബന്ധ വ്യവസായത്തിലും വലിയ മാറ്റങ്ങൾക്ക് വഴിതെളിക്കുന്നതാണ്. മൊബൈൽ ഫോണിലടക്കം നിലവിൽ ലോഹ പദാർഥങ്ങളാണ് വൈദ്യുത കാന്തിക തരംഗങ്ങൾ തടയാൻ കവചമായി ഉപയോഗിക്കുന്നത്. ഇതിനേക്കാൾ ഭാരവും കട്ടിയും കുറഞ്ഞ നോവൽ കാർബൺ നാനോട്യൂബ് അധിഷ്ഠിത പോളിമർ മിശ്രിത പദാർഥമാണ് വികസിപ്പിച്ചെടുത്തത്. രണ്ട് പോളിമറുകളുടെ സമ്പർക്കമുഖങ്ങളെ കാർബൺ നാനോട്യൂബ് വഴി ഒരുമിച്ചുചേർത്ത് തയാറാക്കിയ മിശ്രിതം മികച്ച വൈദ്യുത ചാലകതയും മെക്കാനിക്കൽ പ്രകടനവും കാഴ്ചവയ്ക്കുന്നതിനാൽ നിലവിലുള്ള ലോഹ പദാർഥങ്ങളേക്കാൾ മികച്ചശേഷിയുള്ളതാണ്. മൊബൈൽ ഫോണിലേയും മറ്റ് ആശയ വിനിമയ സംവിധാനങ്ങളിലേയും വൈദ്യുത കാന്തിക ഇടപെടൽ സംരക്ഷിക്കാൻ ഇത് ഉപയോഗപ്രദമാകും.

കേന്ദ്ര ഇലക്‌ട്രോണിക് ഇൻഫർമേഷൻ ടെക്‌നോളജി മന്ത്രാലയമാണ് ഗവേഷണ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകിയത്. പ്രകൃതിദത്തമായ പദാർഥങ്ങൾ ഉപയോഗിച്ച് ഉപയോഗപ്രദമായ പദാർഥങ്ങൾ നിർമിക്കുന്ന നിരവധി ഗവേഷണ പ്രവർത്തനങ്ങൾ ഇന്റർനാഷണൽ ആന്റ് ഇന്റർയൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്‌നോളജിയിൽ പുരോഗമിക്കുകയാണ്. 2015 മാർച്ചിലാണ് പേറ്റന്റിനായി സർവകലാശാല കേന്ദ്ര പേറ്റന്റ് ഓഫീസിന് അപേക്ഷ നൽകിയത്.

## ഫോട്ടോ ക്യാപ്ഷൻ

(1) പ്രൊഫ. സാബു തോമസ്

(2) പ്രൊഫ. നന്ദകുമാർ കളരിക്കൽ
(3) ഡോ. മുഹമ്മദ് ആരിഫ്
(4) പുതുതായി വികസിപ്പിച്ച പോളിമർ സംയുക്ത പദാർഥത്തിന്റെ മൈക്രോസ്കോപ്പ് ദൃശ്യം

(പി.ആർ.ഒ/39/867/2020)

## പരീക്ഷ സിലബസ്

ബി.എസ്‌സി. അക്വാകൾച്ചർ, ബി.എസ്‌സി. കമ്പ്യൂട്ടർ സയൻസ്, ബി.ബി.എ., ബി.സി.എ., ബി.എസ്‌സി. ഇലക്ട്രോണിക്സ് ആന്റ് കമ്പ്യൂട്ടർ ഹാർഡ്‌വെയർ കോഴ്‌സുകളുടെ സ്‌പെഷൽ മേഴ്‌സി ചാൻസ് ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷയ്ക്ക് 2009 അഡ്മിഷന് മുമ്പുള്ള വിദ്യാർഥികൾക്ക് ഇംഗ്ലീഷിന് 2006-2008 അഡ്മിഷൻ സിലബസ് ബാധകമാക്കി പരീക്ഷ നടത്തുന്നതിന് ഉത്തരവായി.

(പി.ആർ.ഒ/39/868/2020)

## ബി.ടെക് പ്രാക്ടിക്കൽ/പ്രൊജക്ട്/വൈവാവോസി

2020 ജനുവരിയിൽ നടന്ന ഒന്നുമുതൽ എട്ടുവരെ സെമസ്റ്റർ ബി.ടെക് സപ്ലിമെന്ററി, മേഴ്‌സി ചാൻസ് പരീക്ഷയുടെ പ്രാക്ടിക്കൽ/പ്രൊജക്ട്/വൈവാവോസി പരീക്ഷ സെപ്റ്റംബർ 15 മുതൽ അതത് കോളേജുകളിൽ ആരംഭിക്കും. ഇന്റേണൽ പരീക്ഷകളായാണ് നടത്തുന്നത്. തിയറി പരീക്ഷയ്ക്ക് ഹാജരായ കേന്ദ്രങ്ങളിൽത്തന്നെ പ്രാക്ടിക്കൽ/വൈവയ്ക്ക് ഹാജരാകണം. പരീക്ഷ ഷെഡ്യൂളിന് അതത് കോളേജുകളുമായി ബന്ധപ്പെടണം.

(പി.ആർ.ഒ/39/869/2020)

## എം.ബി.എ. സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് മാനേജ്‌മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസിൽ എം.ബി.എ. കോഴ്‌സിന് സംവരണവിഭാഗങ്ങളിൽ സീറ്റൊഴിവുണ്ട്. എസ്.സി. വിഭാഗത്തിൽ അഞ്ചും എസ്.ടി. വിഭാഗത്തിൽ മൂന്നും ഒഴിവാണുള്ളത്. ബിരുദം വിജയിച്ച സീമാറ്റ്/ക്യാറ്റ്/കെമാറ്റ് പരീക്ഷയിൽ അംഗീകൃത സ്‌കോർ നേടിയ യോഗ്യരായവർ സെപ്റ്റംബർ 16ന് രാവിലെ 10ന് അസൽ സർട്ടിഫിക്കറ്റുകൾ സഹിതം സ്‌കൂൾ ഓഫീസിൽ ഹാജരാകണം.

(പി.ആർ.ഒ/39/870/2020)

## ഗ്രേസ് മാർക്കിന് 30 വരെ അപേക്ഷിക്കാം

തൊടുപുഴയിൽ നടന്ന 'ആർട്ടിക്കിൾ 14' യുവജനോത്സവ വിജയികൾക്ക് ഗ്രേസ് മാർക്കിന് സെപ്റ്റംബർ 30 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/871/2020)

## പരീക്ഷഫലം

2019 ഒക്‌ടോബറിൽ നടന്ന അഞ്ചാം സെമസ്റ്റർ ബി.കോം. (സി.ബി.സി.എസ്.എസ്. - മോഡൽ 1, 2, 3 - 2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ 19 വരെ സർവകലാശാല വെബ് സൈറ്റിലെ സ്റ്റുഡന്റ് പോർട്ടൽ ലിങ്ക് വഴി ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/872/2020)

**എ. അരുൺകുമാർ**
പബ്ലിക്റിലേഷൻസ്ഓഫീസർ